**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2165** **12-12-2022 - ൽ മറുപടിയ്ക്ക്**

**ആംഗ്ലോ ഇന്ത്യൻ വിദ്യാർഥികൾക്ക് വിദ്യാഭ്യാസ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പിന്നോക്ക സമുദായമായതിന്റെ അടിസ്ഥാനത്തിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും മെഡിക്കൽ പി.ജി. കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം ലഭിക്കുന്നുണ്ടോ; | (എ) | ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് മെഡിക്കൽ പി.ജി. കോഴ്സുകളിൽ ലത്തീൻ കത്തോലിക്ക വിഭാഗങ്ങൾക്കൊപ്പം ചേർത്ത് സംവരണം ലഭിക്കുന്നുണ്ട്. എന്നാൽ ആർട്സ് ആൻഡ് സയൻസ് കോഴ്സുകളിൽ നിലവിൽ സംവരണം ലഭിക്കുന്നില്ല. |
| (ബി) | ആംഗ്ലോ ഇന്ത്യൻ സമുദായം കേരളാ സ്റ്റേറ്റ് സോഷ്യൽ ആന്റ് ഇക്കണോമിക്കലി ബാക് വേഡ് കമ്മ്യൂണിറ്റി (എസ്.ഇ.ബി.സി.)/അദർ ബാക് വേഡ് ക്ലാസ് (ഒ.ബി.സി.) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; കേരളാ സ്റ്റേറ്റ് എസ്.ഇ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾക്ക് വിദ്യാഭ്യാസ സംവരണത്തിന് അവകാശമുണ്ടോ; | (ബി) | ആംഗ്ലോ ഇന്ത്യൻ സമുദായം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ 1958 മുതൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 1966 ൽ ജസ്റ്റീസ് കുമാരപിള്ള കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്.ഇ.ബി.സി. പട്ടികയിൽ ആംഗ്ലോ ഇന്ത്യൻസ് ഉൾപ്പെട്ടിരുന്നില്ല. |
| (സി) | നിലവിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ, മെഡിക്കൽ പി.ജി. കോഴ്സുകൾ കൂടാതെ മറ്റ് കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം ലഭിക്കുന്നില്ല എന്നുള്ള അഡ്വ. ആന്റണി നിൽട്ടൺ റെമെലോയുടെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ഈ വിഷയം പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചുവരുന്നു. |
| (ഡി) | പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ ബി.സി.ഡി.ഐ.ആർ./ബി2/319/2021 നമ്പർ കത്ത് പ്രകാരം ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ലത്തീൻ കാത്തോലിക്ക സമുദായത്തിനോടൊപ്പം എല്ലാ തലത്തിലുമുള്ള വിദ്യാഭ്യാസ സംവരണം നൽകണമെന്ന ശിപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (ഡി) | ഉണ്ട്. ഈ വിഷയത്തിൽ പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം ലഭ്യമായിട്ടില്ല. |
| (ഇ) | ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ലത്തീൻ കത്തോലിക്കക്കാരോടൊപ്പം ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും മെഡിക്കൽ പി.ജി. കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം നൽകാനുള്ള | (ഇ) | ഉണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | ഉപദേശം ഓഫീസ് ഓഫ് കേരളാ സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക് വേഡ് ക്ലാസ്സസിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം? | | |

സെക്ഷൻ ഓഫീസർ